**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2010** **29-07-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചിൻ ഷിപ്പ് യാർഡ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സഹകരണ വകുപ്പിന്റെ അംഗീകാരമുള്ള കൊച്ചിൻ ഷിപ്പ് യാർഡ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി(ഇ-346)-യുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത സൊസൈറ്റി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കാമോ; | (എ) | സംഘത്തിന് വേണ്ടിയോ സംഘാംഗങ്ങൾക്ക് വേണ്ടിയോ സ്ഥലം വാങ്ങുക, വസ്തു പണയപ്പെടുത്തുക, ഹൗസ് പ്ലോട്ടുകൾ വീടോടുകൂടിയ സ്ഥലം വാങ്ങുക, റിപ്പയറുകളോ, കൂട്ടിച്ചേർക്കലുകളോ നടത്തുക സൊസൈറ്റിയുടെ പൊതു ആവശ്യത്തിനുവേണ്ടി കെട്ടിടങ്ങൾ പണിയുക, വീടുകൾ പണിയുക, വാടകയ്ക്ക് കൊടുക്കുക സംഘത്തിലെ അംഗങ്ങൾക്ക് പ്രയോജനം കിട്ടത്തക്ക വിധത്തിൽ അനുയോജ്യമായ രീതിയിൽ സ്ഥലം തരം തിരിച്ച് റോഡുകളോ, ചന്തയോ, പോസ്റ്റ് ഓഫീസോ തുടങ്ങത്തക്ക രീതിയിലാക്കുക, ഭവന നിർമ്മാണത്തിനാവശ്യമായ ഫണ്ടുകൾ സമാഹരിക്കുക, സംഘത്തിന്റെ ഉദ്ദേശങ്ങൾ നേടിയെടുക്കുന്നതിനായി സ്ഥാവര ജംഗമ വസ്തുക്കൾ കൈവശം വെക്കുകയോ, വിൽക്കുകയോ, പണയത്തിലോ, പാട്ടവ്യവസ്ഥയിലോ, വാടകയ്ക്കോ നൽകുക, സാമൂഹിക, വിദ്യാഭ്യാസ, ആരോഗ്യ, ചികിത്സാ, വിനോദ മേഖലകളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നിവയാണ് നിയമാവലി പ്രകാരമുള്ള പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിലായി സംഘം നാളിതുവരെ പൂർത്തിയാക്കിയതും പൂർത്തിയാക്കാത്തതുമായ പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു. 1. കൃഷ്ണവിഹാർ കോളനി പ്രോജക്ട് 2. വികാസ് നഗർ ഹൗസിംഗ് കോളനി പ്രോജക്ട് 3. കുരീക്കാട് പ്രോജക്ട് 4. ചിറ്റൂർ പ്രോജക്ട് 5. ചോറ്റാനിക്കര പ്രോജക്ട് 6. നടക്കാവ് പ്രോജക്ട് |
| (ബി) | പ്രസ്തുത സൊസൈറ്റിയുടെ അഞ്ചാമത്തെ പദ്ധതിയായ നടക്കാവ് സ്കീം നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ; | (ബി) | നടക്കാവ് സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടത് ടി സംഘം ഭരണസമിതിയായതിനാൽ വകുപ്പ് തലത്തിൽ യാതൊരു നടപടികളും കൈക്കൊള്ളേണ്ടതില്ല. |

| | | | |
|---|---|---|---|
| (സി) | സഹകരണ വകുപ്പിന്റെ അംഗീകാരത്തോടെയാണോ നടക്കാവ് സ്കീം നടപ്പിലാക്കുന്നതിനായി ഒപ്പിട്ടിട്ടുള്ള കരാറെന്ന് വ്യക്തമാക്കാമോ; | (സി) | സഹകരണ വകുപ്പിന്റെ അംഗീകാരത്തോടെയല്ല നടക്കാവ് സ്കീം നടപ്പിലാക്കുന്നതിനുള്ള കരാർ ഒപ്പിട്ടിട്ടുള്ളത്. |
| (ഡി) | പ്രസ്തുത സ്കീമുമായി ബന്ധപ്പെട്ട ഭൂമി ഇടപാടിനെയും നടത്തിപ്പിനെയും സംബന്ധിച്ച ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആരോപണങ്ങളെ സംബന്ധിച്ച് സഹകരണ വകുപ്പുതല അന്വേഷണമോ വിജിലൻസ് അന്വേഷണമോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ഡി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വകുപ്പ് തല അന്വേഷണം നടത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുവാൻ ഉത്തരവാകുകയും അന്വേഷണ ഉദ്യോഗസ്ഥൻ 29.11.2014-ൽ 65-ാം വകുപ്പ് അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും തുടർന്ന് സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്. |
| (ഇ) | ഇതു സംബന്ധിച്ച് ഫയൽ ചെയ്യപ്പെട്ട കേസിൽ സഹകരണ വകുപ്പ് എൻക്വയറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | നടക്കാവ് പ്രോജക്ടുമായി ബന്ധപ്പെട്ട് സംഘം ഫയൽ ചെയ്തിട്ടുള്ള WP(c) No.34456/2014 ന്റെ അന്തിമവിധി പ്രകാരം ടി പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള ARC കേസ് 24/2010 സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറിയിട്ടുള്ളതും, ടി കേസ് സഹകരണസംഘം രജിസ്ട്രാർ കേട്ടുകൊണ്ടിരിക്കുന്നതും ആയതിൽ അന്തിമതീർപ്പായിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ